**ചരമോപചാരം**

<u>ഷീലാ ദീക്ഷിത്തിന്റെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: മുൻ കേരള ഗവർണ്ണറും പതിനഞ്ച് വർഷം ഡൽഹി മുഖ്യമന്ത്രിയുമായിരുന്ന ഷീലാ ദീക്ഷിത് 2019 ജൂലൈ 20-ന് അന്തരിച്ചു.

1938 മാർച്ച് 31-ന് പഞ്ചാബിലെ കപൂർത്തലയിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മിറാൻഡ ഹൗസ് കോളേജിൽനിന്നും ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഷീലാ ദീക്ഷിത് 1970-ന്റെ തുടക്കത്തിൽ യംഗ് വിമെൻസ് അസോസിയേഷന്റെ ചെയർപേഴ്സൺ എന്ന നിലയിൽ വനിതാക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. 1984-ൽ സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്താനുള്ള ഐക്യരാഷ്ട്ര സംഘടനാ കമ്മീഷന്റെ പ്രതിനിധി സംഘത്തിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് കടന്ന ഷീല ദീക്ഷിത് 1984-ൽ യു.പി.യിലെ കനൗജിൽ നിന്ന് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1986 മുതൽ 1989 വരെ കേന്ദ്രമന്ത്രിയായി പ്രവർത്തിച്ചു. 1998 മുതൽ 2013 വരെ തുടർച്ചയായി മൂന്നുവട്ടം ഡൽഹി മുഖ്യമന്ത്രിയായിരുന്നു. ഏറ്റവുമധികം കാലം മുഖ്യമന്ത്രിയായിരുന്ന വനിത എന്ന വിശേഷണത്തിനുടമയാണ്

ഷീലാ ദീക്ഷിത്. ഡൽഹി പ്രദേശ് കോൺഗ്രസ് അദ്ധ്യക്ഷ സ്ഥാനവും വഹിച്ചിട്ടുണ്ട്. ഡൽഹി കണ്ട ഏറ്റവും ശക്തയും വികസനോത്സുകയുമായ മുഖ്യമന്ത്രിയായിരുന്നു അവർ. നഗരത്തിന്റെ മുഖച്ഛായ മാറ്റിയ വികസന പ്രവർത്തനങ്ങൾക്കാണ് ഷീലാ ദീക്ഷിത് മുഖ്യമന്ത്രിയായിരുന്ന പതിനഞ്ച് വർഷങ്ങളിൽ ഡൽഹി സാക്ഷ്യം വഹിച്ചത്. മെട്രോ റെയിൽ, ലോകോത്തര നിലവാരത്തിലുള്ള വിമാനത്താവളം, ജലവിതരണത്തിലെ പരിഷ്കാരങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. 2010-ലെ കോമൺവെൽത്ത് ഗെയിംസ് ഡൽഹിയിൽ വച്ച് വിജയകരമായി നടത്തുന്നതിൽ അവർ നിർണ്ണായക പങ്ക് വഹിച്ചു. കേരള ഗവർണ്ണറായി 2014 മാർച്ച് 11 മുതൽ 2014 ആഗസ്റ്റ് 25 വരെ പ്രവർത്തിച്ചു. മലയാളികളോട് എന്നും സ്നേഹവും കരുതലും പുലർത്തിയിരുന്ന വ്യക്തിയായിരുന്നു ഷീലാ ദീക്ഷിത്. അനാരോഗ്യത്തെ വകവയ്ക്കാതെ അവസാന നാളുകളിലും ഊർജ്ജസ്വലമായിരുന്നു ഷീല ദീക്ഷിത് എന്ന രാഷ്ട്രീയ ജീവിതം.

'സിറ്റിസൺ ഡൽഹി-മൈ ടൈംസ്, മൈ ലൈഫ്" എന്ന പേരിൽ ആത്മകഥ എഴുതിയിട്ടുണ്ട്.

രാജ്യം കണ്ട മികച്ച ഭരണകർത്താക്കളിൽ ഒരാളെയാണ് ഷീലാ

ദീക്ഷിത്തിന്റെ മരണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>ദാമോദരൻ കാളാശ്ശേരി</u>

മുൻ നിയമസഭാംഗവും മന്ത്രിയുമായിരുന്ന ദാമോദരൻ കാളാശ്ശേരി 2019 ജൂലൈ 12-ന് അന്തരിച്ചു.

കുഞ്ഞൻ വൈദ്യരുടേയും ചീര കുഞ്ഞന്റെയും മകനായി 1932 മാർച്ച് 8-ന് ദാമോദരൻ കാളാശ്ശേരി ജനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവായിരുന്ന അദ്ദേഹം 1970-ലും 1977-ലും യഥാക്രമം നാല്, അഞ്ച് കേരള നിയമസഭകളിൽ പന്തളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 1978-ലെ പി.കെ. വാസുദേവൻ നായർ മന്ത്രിസഭയിൽ പട്ടികജാതി, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയായിരുന്നു. സാമൂഹ്യപ്രവർത്തകനായും പത്രാധിപരായും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം രാഷ്ട്രശബ്ദം ദ്വൈവാരികയുടെ പ്രിന്ററും പബ്ലിഷറും ആയിരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെയർമാൻ, പട്ടികജാതി അഡ്വൈസറി കമ്മിറ്റി അംഗം, അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗം, കെ.പി.സി.സി ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് പി.എസ്.സി അപേക്ഷ സൗജന്യമാക്കിയതും

വെള്ളയമ്പലത്ത് അയ്യൻകാളി പ്രതിമ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുത്തതും ദാമോദരൻ കാളാശ്ശേരി മന്ത്രിയായിരുന്നപ്പോഴാണ്.

ദാമോദരൻ കാളാശ്ശേരിയുടെ നിര്യാണത്തോടെ സാധാരണക്കാർക്കൊപ്പം നിന്ന ഒരു മികച്ച പൊതുപ്രവർത്തകനെയും കഴിവുറ്റ ഒരു സാമാജികനെയുമാണ് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)